ശ്രീ കോശി പണിക്കർ നടത്തിവരുന്ന പുഷ്പമംഗലം ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിൽ അമിത പലിശയ്ക്ക് പണം വായ്പ നൽകുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21-6-2014-ൽ നിയമാനുസരണം പരിശോധന നടത്തിയതിൽ 11 വ്യാജ റിക്കോർഡുകൾ കണ്ടെടുത്തതിനെത്തുടർന്ന് 1317/14 u/s 511, 420, 468, 471 IPC r/w 3, 4, 17, 18(A)(7) പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ പ്രതിയായ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും നാളിതുവരെ ഹാജരാക്കിയിട്ടില്ല. ടിയാൻ നിരപരാധിയാണെന്ന് കാണിച്ച് കൊട്ടാരക്കര ഡിവൈ.എസ്.പി.ക്ക് പരാതി നൽകിയിട്ടുണ്ട്.

(സി) കൊല്ലം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു.

(ഡി) കേസ് ഇപ്പോൾ അന്വേഷണഘട്ടത്തിലാണ്.

സദാചാര ഗുണ്ടാ ആക്രമണം

101(5687) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് സദാചാര ഗുണ്ടകൾ കൊലപ്പെടുത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഏതെല്ലാം കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ഏതെല്ലാം കേസ്സുകളിൽ പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ;

(സി) ഏതെല്ലാം കേസ്സുകളിൽ ഗൂഢാലോചന നടന്നതായി ബന്ധുക്കൾ പരാതിപ്പെട്ടിട്ടുണ്ട് ; പ്രസ്തുത കേസ്സുകളിൽ ഗൂഢാലോചന നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് സദാചാര ഗുണ്ടകൾ കൊലപ്പെടുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly